# പെരുമ്പാവൂർ ബെഥേൽ സുലോക്കോ യാക്കോബായ സുറിയാനി കത്തീഡ്രലിൽ

# മോർ കൗമായുടെ ഓർമ്മപ്പെരുന്നാൾ

## 2012 ഫെബ്രുവരി 4, 5, 6 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ



മോർ കൗമായുടെ തിരുശേഷിപ്പ് അടക്കം ചെയ്തിട്ടുള്ള കബർ



മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ ഈവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവ



ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ



മാത്യൂസ് മോർ അഫ്രേം (പെരുമ്പാവൂർ മേഖല മെത്രാപ്പോലീത്ത)



തോമസ് മോർ അലക്സന്ത്രയോസ് മെത്രാപ്പോലീത്ത

**മഹാവിശുദ്ധനും തന്നിൽ അഭയപ്പെട്ട് കർത്താവിനോട് പ്രാർത്ഥിക്കുന്ന അനേകായിരങ്ങൾക്ക് അത്ഭുതകരമായ അനുഭവങ്ങൾ നൽകിക്കൊണ്ടിരിക്കുന്നവനുമായ മോർകൗമായുടെ തിരുശേഷിപ്പ് 1923 ഫെബ്രുവരി മാസം 6-ാം തീയതി അന്ത്യോഖ്യാ സിംഹാസന പ്രതിനിധി പരി. സ്ലീബാ മോർ ഒസ്താത്തിയോസ് ബാവ(കുന്ദംകുളം) തന്റെ തൃക്കരങ്ങളാൽ നമ്മുടെ പള്ളിയിൽ സ്ഥാപിച്ചു. ആയതിന്റെ ഓർമ്മപ്പെരുന്നാൾ 2012 ഫെബ്രുവരി 3, 4, 5, 6 (വെള്ളി, ശനി, ഞായർ, തിങ്കൾ) തീയതികളിൽ ആഘോഷിക്കപ്പെടുന്നു. കുടുംബസമേതം പെരുന്നാൾ മഹാമഹത്തിൽ എല്ലാ വിശ്വാസികളും നേർച്ചകാഴ്ചകളോടെ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.**

പെരുമ്പാവൂർ പട്ടണത്തിലെ ആദ്യത്തെ ക്രിസ്തീയ ദൈവാലയമാണ് ബെഥേൽ സുലോക്കോ യാക്കോബായ സുറിയാനി കത്തീഡ്രൽ. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ മലങ്കരയിലുള്ള അങ്കമാലി, കോട്ടയം ഭദ്രാസനങ്ങളുടെ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന കടവിൽ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ കല്പനപ്രകാരം ക്രിസ്തുവർഷം 1903 (കൊല്ലവർഷം 1078) ഇടവം 15-ാം തീയതി മോർ തോമാ ശ്ലീഹായുടെ നാമത്തിൽ ഈ പള്ളി സ്ഥാപിക്കപ്പെട്ടു.

മലങ്കരയുടെ അഭിവന്ദ്യനായ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുടെ 38-ാം നമ്പർ കല്പന അനുസരിച്ച് ക്രിസ്തുവർഷം 1906(കൊല്ലവർഷം 1083) ചിങ്ങം 17-ാം തീയതി വന്ദ്യ ദിവ്യ ശ്രീ. കൊച്ചുപൗലോസ് റമ്പാച്ചന്റെ (പിന്നീട് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായി തീർന്ന പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി) അദ്ധ്യക്ഷതയിൽ ഈ ഇടവകയുടെ സ്ഥാപകരായ പൂർവ്വ പിതാക്കന്മാർ യോഗം ചേർന്ന് പള്ളിയുടെ വ്യവസ്ഥാപിതമായ ഭരണ ക്രമീകരണത്തിനായി ഒരു ഉടമ്പടി ഉണ്ടാക്കുകയും ആയത് ഒപ്പിട്ട് 1081 ഇടവം 20ന് പെരുമ്പാവൂർ സബ് രജിസ്ട്രാഫീസിൽ 75-ാം നമ്പറായി 3-ാം പുസ്തകം 1-ാം വാല്യം 100 മുതൽ 105 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യുകയുണ്ടായി. പ്രസ്തുത ഉടമ്പടി ഈ പള്ളിയും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധത്തെ ഊട്ടിഉറപ്പിക്കുന്ന രജതരേഖയാണ്.

പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായാൽ മലങ്കരയിലേക്ക് അയക്കപ്പെട്ട പരി. സ്ലീബാ മോർ ഒസ്താത്തിയോസ് ബാവ തിരുമനസ്സിലെ തൃക്കരങ്ങളാൽ 1923 ഫെബ്രുവരി മാസം 6-ാം തീയതി മോർ കൗമായുടെ തിരുശേഷിപ്പ് ഈ പള്ളിയിൽ സ്ഥാപിക്കുകയുണ്ടായി. ആയതിന്റെ ഓർമ്മ ഈ പള്ളിയിലെ പ്രധാന പെരുന്നാളായി ഇടവക ആഘോഷിക്കുന്നു. മെയ് 7-ാം തീയതി മോർ ഗീവർഗീസ് സഹദായുടെ ഓർമ്മയും, ജൂലായ് 3-ാം തീയതി മോർ തോമാശ്ലീഹായുടെ ദുഃഖ്റോനോ പെരുന്നാളും, ഒക്ടോബർ 1-ാം തീയതി മരുതുകവല ചാപ്പലിൽ യെൽദോ മോർ ബസ്സേലിയോസ് ബാവയുടെ ഓർമ്മപ്പെരുന്നാളും, ഒക്ടോബർ 6-ാം തീയതി ശിലാസ്ഥാപനപ്പെരുന്നാളും കൊണ്ടാടുന്നു.

1970 വർഷത്തിന്റെ ആരംഭത്തിൽ വടക്കൻ പ്രദേശത്ത് സഭാ പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത് ഈ പള്ളി വികാരിയായിരുന്ന പരത്തുവയലിൽ ബഹു. ജോർജ്ജ് വർഗീസ് അച്ചന്റെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടായിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് വിധേയത്വവും കൂറും പുലർത്തി എന്നതായിരുന്നു ബഹു. അച്ചനെതിരെ നടപടിയെടുക്കാൻ കാരണമായത്. പ്രതിസന്ധികളുടെ നടുവിൽ നട്ടം തിരിയുമ്പോൾ തന്നെ പരിശുദ്ധ സഭയുടെ അനേകം കൂടി വരവുകൾക്ക് ഈ പള്ളി വേദിയായി തീർന്നത് ഈ ഇടവകയ്ക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്. 1081-ലെ ഉടമ്പടിക്ക് മാറ്റം വരുത്താതെ 1982 ഡിസംബർ മാസം 12-ാം തീയതി കൂടിയ ഇടവക പൊതുയോഗം ഒരു ഭരണഘടനയ്ക്ക് രൂപം കൊടുക്കുകയും ആയത് 1983 ജൂൺ 27-ാം തീയതി പെരുമ്പാവൂർ സബ് രജിസ്ട്രാർ ഓഫീസിൽ 128-ാം നമ്പരായി രജിസ്റ്റർ ചെയ്യുകയും 4-ാം പുസ്തകം 48-ാം വാല്യം 55 മുതൽ 75 വരെ പേജുകളിൽ ചേർക്കുകയും ചെയ്തു. 21ൽ തുടങ്ങി 750 ന് മുകളിൽ എത്തിച്ചേർന്ന ഇടവക വീടുകളുടെ എണ്ണം പള്ളിയുടെ പുനർനിർമ്മാണത്തിന് പ്രേരകമായി. അന്നത്തെ വികാരിയായിരുന്ന പാത്തിയ്ക്കൽ വന്ദ്യ ഔസേഫ് കോർഎപ്പിസ്ക്കോപ്പയുടെ സുധീരമായ നേതൃത്വത്തിൽ ഇടവക ഒന്നടങ്കം പള്ളി നിർമ്മാണത്തിന് പങ്ക് ചേർന്നു. 1992 ഒക്ടോബർ മാസം 6-ാം തീയതി പുതിയ പള്ളിയുടെ ശിലാസ്ഥാപനവും 1997 ഫെബ്രുവരി മാസം 6-ാം തീയതി പുതിയപള്ളിയുടെ വി.മൂറോൻ അഭിഷേക കൂദാശയും ഇടവക മെത്രാപ്പോലീത്ത തോമസ് മോർ ദിവന്നാസിയോസ്(ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്ക ബാവ) തിരുമേനിയാൽ നടത്തപ്പെട്ടു.

പള്ളിയുടെ പ്രധാന ത്രോണസ് മോർ തോമാശ്ലീഹായുടെ നാമത്തിലാണ്. പരി. കന്യകാമറിയം അമ്മയുടേയും മോർ ഗീവർഗീസ് സഹദായുടേയും മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടേയും മോർ ഗ്രീഗോറിയോസ് ബാവായുടെയും(പരുമല തിരുമേനി) നാമത്തിലുള്ളതാണ് മറ്റ് നാല് ത്രോണോസുകൾ. പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെയും(കാളചന്തക്ക് സമീപം), മോർ ഗീവർഗീസ് സഹദായുടെയും(കെ.എസ്.ആർ.ടി.സി.), യെൽദോ മോർ ബസേലിയോസ് ബാവായുടേയും(മരുതുകവല), മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവയുടേയും(ഗവ. ആശുപത്രി), മാർതോമാശ്ലീഹായുടെയും(ഇരിങ്ങോൾ പാങ്കുളം) നാമത്തിൽ കുരിശിൻ തൊട്ടികൾ ഈ പള്ളിയുടേതായിട്ടുണ്ട്.

എം.ജി.എം. സൺഡേസ്കൂൾ, യൂത്ത് അസ്സോസിയേഷൻ, മർത്തമറിയം വനിതാ സമാജം, അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി തുടങ്ങിയ ഭക്തസംഘടനകൾ പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇടവകയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും മോർ കൗമായുടേയും മഹാ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് വേദവിപരീതികളുടേയും അനേക പ്രതിസന്ധികളെ അതിജീവിച്ച് ഈ ഇടവക ഇന്നും നിലനിൽക്കുന്നു. ○







KSRTC ബസ്സ്റ്റാന്റിന് സമീപമുള്ള കുരിശ്
മോർ ഗീവർഗീസ് സഹദായുടെ നാമത്തിൽ



മരുതുകവലയിലെ ചാപ്പൽ
യൽദോ മോർ ബസ്സേലിയോസ് ബാവായുടെ നാമത്തിൽ



കാളചന്തക്ക് സമീപമുള്ള കുരിശ്
പരി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ



ഗവ. ആശുപത്രിക്ക് സമീപമുള്ള കുരിശ്
മോറാൻ മോർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ നാമത്തിൽ



സെന്റ് തോമസ് ചാപ്പൽ
ഇരിങ്ങോൾ പാങ്കുളം

**പരി. സഭയ്ക്കുമേൽ സമർപ്പിതമായ പനിനീർപുഷ്പം**



ബിനു വർഗീസ്
ഞെളിയംപറമ്പിൽ

## കാര്യപരിപാടി

**3-02-2012 വെള്ളി**

രാവിലെ 8.00ന് : **സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ കബറിങ്കലേക്ക് തീർത്ഥയാത്ര. (കുന്ദംകുളം ആർത്താറ്റ് സിംഹാസന പള്ളിയിൽ)**

**4-02-2012 ശനി**

രാവിലെ 8.45ന് : പ്രാർത്ഥന, വി. കുർബ്ബാന
10.00ന് : കൊടികയറ്റ്
വൈകിട്ട് 5.45ന് : സന്ധ്യാപ്രാർത്ഥന
6.30ന് :
**ഭക്തസംഘടനകളുടെ സംയുക്ത വാർഷീകം**

**5-02-2012 ഞായർ**

രാവിലെ 8.45ന് : പ്രാർത്ഥന, വി. കുർബ്ബാന
വൈകിട്ട് 6.00ന് : സന്ധ്യാപ്രാർത്ഥന, പ്രസംഗം
**അഭി. തോമസ് മോർ അലക്സന്ത്രയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്**
7.00ന് : പ്രദക്ഷിണം
8.45ന് : ആശീർവ്വാദം
9.00ന് : *കരിമരുന്ന് പ്രയോഗം*

**6-02-2012 തിങ്കൾ**

രാവിലെ 8.45ന് : പ്രാർത്ഥന,
വി. അഞ്ചിന്മേൽ കുർബ്ബാന, പ്രസംഗം
**അഭി. തോമസ് മോർ അലക്സന്ത്രയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**
11.00ന് :
**മോർ കൗമായുടെ കബറിങ്കൽ ധൂപ പ്രാർത്ഥന**
: നേർച്ചസദ്യ
ഉച്ചക്ക് 12.30ന് : സ്ലീബാ എഴുന്നള്ളിപ്പ്
1.00ന് : പ്രദക്ഷിണം, ആശീർവ്വാദം
2.00ന് : കൊടിയിറക്ക്

**പെരുന്നാൾ ഓഹരി - 100/-രൂപ**

വികാരി



ഫാ. വർഗീസ്
തെക്കേക്കര

സഹവികാരി



ഫാ. ജോർജ്ജ്
വയലിപറമ്പിൽ

ട്രസ്റ്റി



ടി.എം. ബേബി
തെക്കേക്കര

ട്രസ്റ്റി



ഷെവ. പൗലോസ്
പാത്തിയ്ക്കൽ
വാർഡ് - 3

ട്രസ്റ്റി



അഡ്വ. പി.കെ. ഷാജു
പാലയ്ക്കാപ്പിള്ളി
വാർഡ് - 1

## ഭരണസമിതി അംഗങ്ങൾ



സജി പത്രോസ്
ചക്കാംകാട്ട്
വാർഡ് - 2



ബിനു പോൾ
മാഞ്ഞൂർ
വാർഡ് - 4



ഷാജു മത്തായി
കല്ലുങ്കൽ
വാർഡ് - 5



എം.വി. സജി
മുക്കണംഞ്ചേരി
വാർഡ് - 6



സി.ടി. തങ്കച്ചൻ
ചക്കാല
വാർഡ് - 7



പി.വി. മാത്യു
പാർവേലിക്കുടി
വാർഡ് - 8



സി.സി. ജോസഫ്
ചന്ദനപ്പറമ്പിൽ
വാർഡ് - 9



ലിജോ പി.കെ.
പാറേക്കര
വാർഡ് - 10



വർഗീസ് പോൾ (അലക്സ്)
തോമ്പ്ര
വാർഡ് - 11



മാർട്ടിൻ ടി. പോൾ
തോമ്പ്ര
വാർഡ് - 12



ഷാജി കെ. മാത്യു
ആലുംമൂട്ടിൽ
വാർഡ് - 13



എം.പി. എൽദോ
മുണ്ടയ്ക്കൽ
വാർഡ് - 14



പി.പി. ബാബു
പള്ളിപ്പാടൻ
വാർഡ് - 15

## ഭക്തസംഘടന സെക്രട്ടറിമാർ



സി.ജെ. വർഗീസ്
ചെലമ്പിക്കോടൻ
സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ



രാജൻ പി.കെ.
പള്ളിപ്പാടൻ
അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി



ജിബി ബേബി
നെല്ലിയ്ക്കൽ
യൂത്ത് അസ്സോസിയേഷൻ



ബേബി ജോയി
പാറേക്കാട്ടിൽ
വനിതാ സമാജം

designexpertsonline.com